(ബി) 2009 ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുശേഷം ആവശ്യമെങ്കിൽ പരിശോധിക്കാമെന്ന് 27-4-2012-ലെ സ.ഉ.(സാധാ)1205/2012/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വേ അവസാനഘട്ടത്തിലാണ്. പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിൽ പുതുതായി കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) ദരിദ്ര കുടുംബങ്ങളുടെ പട്ടികയിലുൾപ്പെടുന്ന കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹമാണെന്നു കാണുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുമെന്ന് 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ. പ്രകാരം (ഖണ്ഡിക 6-ൽ) വ്യവസ്ഥയുണ്ട്. നീക്കം ചെയ്യപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു.

കോതമംഗലം ബ്ലോക്ക് വിഭജനം

39 (1472) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ പുതിയ രണ്ട് ബ്ലോക്കുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കോതമംഗലം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും തൊഴിലുറപ്പു പദ്ധതിയുടെ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം (MMS) നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ പുതിയ രണ്ട് ബ്ലോക്ക് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നത് സംബന്ധിച്ച സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly